ഉത്തരം

(എ) ഉണ്ട്. 3-7-2008-ലാണ് സമർപ്പിച്ചത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) പി.എസ്.സി. നടത്തുന്ന എല്ലാ ജില്ലാതല നിയമനങ്ങൾക്കും അതത് ജില്ലയിലുള്ളവർക്ക് വെയിറ്റേജായി 5 മാർക്ക് നൽകുന്നതിനായി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിഷയ നിർണ്ണയസമിതിയുടെ അംഗീകാരം ലഭിച്ച ശേഷമേ വിജ്ഞാപനം പുറപ്പെടുവിക്കാൻ നിർവ്വാഹമുള്ളൂ.

പി.എസ്.സി. വഴിയല്ലാതെ കൂടിക്കാഴ്ച വഴിയുള്ള സ്ഥിരം നിയമനം

27 (61) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേനയല്ലാതെ നേരിട്ട് കൂടിക്കാഴ്ച വഴി സ്ഥിരം നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ ഏതൊക്കെ വകുപ്പുകളിൽ, എത്രപേർക്ക് എന്ന് ഇനം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

സെക്രട്ടേറിയറ്റ്/ലോക്കൽഫണ്ട് ഓഡിറ്റ്/പി.എസ്.സി./അഡ്വക്കേറ്റ് ജനറൽ ഓഫീസ് തുടങ്ങിയ വകുപ്പുകളിലെ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ നിയമനം

28 (66) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ്/ലോക്കൽഫണ്ട് ഓഡിറ്റ്/ പി.എസ്.സി./അഡ്വക്കേറ്റ് ജനറൽ ഓഫീസ് തുടങ്ങിയ വകുപ്പുകളിൽ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം പ്രസ്തുത വകുപ്പുകളിൽ ഈ തസ്തികയിൽ എത്ര പേർ ജോലിചെയ്യുന്നുവെന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കുമോ ;

(സി) 2011 മാർച്ച് 31-ലെ റിട്ടയർമെന്റ് പ്രകാരം എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇനി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകളും 2011 മാർച്ച് 31-ലെ റിട്ടയർമെന്റ് പ്രകാരം ഉണ്ടാകുന്ന ഒഴിവുകളും അടിയന്തരമായി റിപ്പോർട്ടു ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

പുതിയ തസ്തിക സൃഷ്ടിക്കലും നിയമനവും

29 (67) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര പുതിയ തസ്തിക സൃഷ്ടിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന എത്ര പേരെയാണ് നിയമിച്ചത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുള്ള നടപടികൾ

30 (69) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്ന കോടതി നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് ആരാഞ്ഞ ഹൈക്കോടതിയിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ എന്തൊക്കെ വിശദീകരണങ്ങളാണ് നൽകിയിരുന്നത് ;

(സി) സർക്കാർ നിലപാട് കോടതി അംഗീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ അധ്യാപക നിയമനം യു.ജി.സി. നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് സെലക്ഷൻ സമിതികളാണ് നടത്തുന്നത്. അതത് വിഷയങ്ങളിൽ പ്രാവീണ്യമുള്ള ഉദ്യോഗാർത്ഥികളെ വിദഗ്ധർ അടങ്ങുന്ന സമിതികളാണ് തെരഞ്ഞെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly